**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3348** **04-08-2021 - ൽ മറുപടിയ്ക്ക്**

**കെട്ടിട നികുതി മുൻകൂറായി അടയ്ക്കുന്നവർക്ക് പ്രത്യേക ആനുകൂല്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ | | **Shri M. V. Govindan Master**<br>**(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കെട്ടിട നികുതി നിശ്ചയിക്കുന്നതിനും ഈടാക്കുന്നതിനും നിലവിലുള്ള വ്യവസ്ഥ എന്താണ്; ഈ നിയമം പുതുക്കി ഉത്തരവായത് എന്നാണെന്ന് വ്യക്തമാക്കുമോ; | (എ) | കേരള പഞ്ചായത്ത് രാജ് ആക്ടിലെ 203, കേരള മുനിസിപ്പാലിറ്റി ആക്ടിലെ 233 എന്നീ വകുപ്പുകളിലെയും ഈ വകുപ്പുകൾക്ക് കീഴിൽ പുറപ്പെടുവിച്ചിട്ടുള്ള 2011-ലെ കേരളപഞ്ചായത്ത് രാജ്/കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെയും വ്യവസ്ഥകൾ പ്രകാരമാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കെട്ടിട നികുതി നിശ്ചയിക്കുകയും ഈടാക്കുകയും ചെയ്യുന്നത്. 2011 -ലാണ് ഇത് പുതുക്കി ഉത്തരവായതെങ്കിലും നടപ്പിലാക്കി-യത് 1.4.2013 മുതലാണ്. |
| (ബി) | പ്രതിവർഷം കെട്ടിട നികുതി എത്ര തവണയായാണ് ഈടാക്കുന്നതെന്നും നികുതി മുൻകൂറായി അടയ്ക്കുന്ന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും പ്രത്യേക ആനുകൂല്യം അനുവദിക്കാറുണ്ടോ എന്നും വിശദമാക്കുമോ; | (ബി) | പ്രതിവർഷം കെട്ടിട നികുതി രണ്ട് അർദ്ധ വാർഷിക തവണകളായാണ് ഈടാക്കുന്നത്. നികുതി മുൻകൂറായി അടയ്ക്കുന്ന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും പ്രത്യേക ആനുകൂല്യം അനുവദിക്കുന്നതിന് നിയമത്തിൽ വ്യവസ്ഥയില്ല. |
| (സി) | ഒരു വർഷത്തേക്ക് നിശ്ചയിച്ചിട്ടുള്ള നികുതിയുടെ ആദ്യഗഡു നിശ്ചയിച്ച തീയതിക്കകം അടയ്ക്കാൻ സാധിക്കാത്ത വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ഫൈൻ ഈടാക്കാറുണ്ടോ; ഉണ്ടെങ്കിൽ ഇത് പുനഃപരിശോധനയ്ക്ക് വിധേയമാക്കുമോ; | (സി) | ഉണ്ട്. പുനഃപരിശോധിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല. |
| (ഡി) | ഒരു വർഷത്തേക്ക് നിശ്ചയിച്ചിട്ടുള്ള നികുതി മുൻകൂറായി അടയ്ക്കുന്നവർക്ക് പ്രോത്സാഹനമായി ആനുകൂല്യം നൽകുന്ന കാര്യം പരിഗണിക്കുമോ? | (ഡി) | നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ